"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റീസർവേ റെക്കോർഡുകളിൽ കുളംപുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ പ്പെട്ട എണ്ണയ്ക്കാച്ചിറ, പുലിക്കുഴി കുളം പുറമ്പോക്കുകൾ കുളത്തിന്റെ അതിർത്തിയിൽ നിന്നും 3.217 മീറ്റർ അകലം വിട്ട് പതിച്ച് നല്കുന്നതിലേക്കായി 'തരിശ്' ആയി ഇനംമാറ്റി അർഹരായ കൈവശക്കാർ പേരിൽ ഭൂമി പതിച്ചു നൽകുന്നതിനായി പതിവധികാരിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.41/2026/RD തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. ശ്രീ. ശ്രീ. ടി.എസ് സാബു സമർപ്പിച്ച 27/02/2016-ലെ അപേക്ഷ.
2. കോട്ടയം ജില്ലാ കളക്ടറുടെ 19/08/2025, 18/12/2025 തീയതികളിലെ DCKTM/401/2024-L2 നമ്പർ കത്തുകൾ
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23/10/2025, 03/01/2026 തീയതികളിലെ LR/7173/2022-PM-3 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ ചങ്ങനാശേരി താലൂക്കിൽ കുറിച്ചി ഗ്രാമ പഞ്ചായത്തിലെ കുളം, തോട് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. ടി.എസ്. സാബു പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 റീസർവ്വേ നമ്പർ 310/1 ൽപ്പെട്ട എണ്ണയ്ക്കാച്ചിറ കളംപുറമ്പോക്കിൽ ഉൾപ്പെട്ട 1.7895 ഹെക്ടർ ഭൂമിയിൽ 64 കുടുംബങ്ങൾക്കും ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 369/2ൽ പ്പെട്ട പുലിക്കുഴി കളംപുറമ്പോക്കിൽ ഉൾപ്പെട്ട 0.4932 ഹെക്ടർ ഭൂമിയിൽ 24 കുടുംബങ്ങൾക്കും പട്ടയം നല്കേണ്ടതുണ്ട്. ടി കുടുംബങ്ങൾക്ക് പട്ടയം അനുവദിയ്ക്കുന്നതിന് ആക്ഷേപമില്ല എന്ന കുറിച്ചി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം കുറിച്ചി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്. കൂടാതെ മേൽപ്പറഞ്ഞ കൈവശങ്ങൾക്ക് പട്ടയം അനുവദിയ്ക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിൻറ്റ് ഡയറക്ടർ അറിയിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി കൈവശങ്ങൾ ഡിജിറ്റൽ സർവ്വേ ചെയ്ത് പതിച്ചു നൽകാവുന്ന തരിശു ഭൂമിയായി ഇനംമാറ്റി നൽകുന്ന പക്ഷം കൈവശക്കാർക്ക് പട്ടയം അനുവദിയ്ക്കാൻ സാധിയ്ക്കുമെന്ന് കോട്ടയം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ റിസർവേ

റെക്കോർഡുകളിൽ കുളംപുറംമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 310/1 പ്പെട്ട 1.7895 ഹെക്ടർ കളംപുറമ്പോക്കും (എണ്ണയ്ക്കാച്ചിറ കളംപുറമ്പോക്ക്) കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 369/2ൽപ്പെട്ട 0.4932ഹെക്ടർ കളംപുറമ്പോക്കും (പുലിക്കുഴി കളംപുറമ്പോക്ക്) 'തരിശ്' ആയി ഇനം മാറ്റുന്നതിലും അർഹരായ കൈവശക്കാർ പേരിൽ ഭൂമി പതിച്ചു നൽകുന്നതിനായി പതിവധികാരിയെ ചുമതലപ്പെടുത്തുന്നതിനും തീരുമാനം എടുക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു. കൂടാതെ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1-ൽ റീസർവേ നമ്പർ 310/1-ൽപ്പെട്ട 1.7895 ഹെക്ടർ എണ്ണയ്ക്കാച്ചിറ കളംപുറമ്പോക്ക്, കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 369/2-ൽപ്പെട്ട 0.4932 ഹെക്ടർ പുലിക്കുഴി കളംപുറമ്പോക്ക് എനിവിടങ്ങളിൽ നിലവിൽ കുളം ഉള്ളതായും ടി കുളത്തിന്റെ അതിർത്തിയിൽ നിന്നും 3.217 മീറ്റർ അകലം വിട്ടാണ് പട്ടയ അപേക്ഷകരുടെ കൈവശങ്ങൾ കാണുന്നത് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ റിസർവേ റെക്കോർഡുകളിൽ കുളംപുറംമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ള ചങ്ങനാശ്ശേരി താലൂക്കിൽ കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 310/1 ൽപ്പെട്ട 1.7895 ഹെക്ടർ കളംപുറമ്പോക്കും (എണ്ണയ്ക്കാച്ചിറ കളംപുറമ്പോക്ക്) കുറിച്ചി വില്ലേജിൽ ബ്ലോക്ക് 1 ൽ റീസർവേ നമ്പർ 369/2ൽപ്പെട്ട 0.4932 ഹെക്ടർ കളംപുറമ്പോക്കും (പുലിക്കുഴി കളംപുറമ്പോക്ക്) പതിച്ച് നല്കുന്നതിലേക്കായി കുളത്തിന്റെ അതിർത്തിയിൽ നിന്നും 3.217 മീറ്റർ അകലം വിട്ട് 'തരിശ്' ആയി ഇനംമാറ്റി അർഹരായ കൈവശക്കാർ പേരിൽ ഭൂമി പതിച്ചു നൽകുന്നതിനായി പതിവധികാരിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോട്ടയം
തഹസിൽദാർ, ചങ്ങനാശ്ശേരി താലൂക്ക്
ശ്രീ ടി.എസ് സാബു, തരുവൻകുഴിയിൽ, സചിവോത്തമപുരം(പി.ഒ),
കുറിച്ചി, കോട്ടയം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് .
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 30-01-2026 15:01:54

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
റവന്യു വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്